## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4628 — 18.05.2017-ൽ മറുപടിയ്ക്ക്

## <u>ജില്ലാ സഹകരണ ബാങ്ക് ക്ലർക്ക്/കാഷ്യർ തസ്തികയിൽ കൊല്ലം ജില്ലയിലെ ഒഴിവുകൾ</u>

**ചോദ്യം**

**ശ്രീ. എം. നൗഷാദ്**

(എ) ജില്ലാ സഹകരണ ബാങ്കിൽ ക്ലർക്ക്/കാഷ്യർ തസ്തികയിലേക്ക് 2017 ൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയെന്ന ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)**

(എ)

| ജില്ല | നിയമനങ്ങൾ |
|---|---|
| തിരുവനന്തപുരം | - |
| കൊല്ലം | - |
| പത്തനംതിട്ട | - |
| ആലപ്പുഴ | - |
| കോട്ടയം | 10 |
| ഇടുക്കി | 5 |
| എറണാകുളം | 5 |
| പാലക്കാട് | 26 |
| മലപ്പുറം | 29 |
| കോഴിക്കോട് | - |
| വയനാട് | 10 |
| കണ്ണൂർ | - |
| കാസർഗോഡ് | - |

തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ 2016-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റാണ് നിലവിലുള്ളത്.

| | | | |
|---|---|---|---|
| (ബി) | മറ്റെല്ലാ ജില്ലകളിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും കൊല്ലം ജില്ലയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ നിലവിൽ ക്ലർക്ക്/കാഷ്യർ തസ്തികയിൽ ഒഴിവുകളില്ല. ആയതിനാലാണ് കൊല്ലം ജില്ലയിലെ ക്ലർക്ക്/കാഷ്യർ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത്. |
| (സി) | കൊല്ലം ജില്ലയിൽ ഒഴിവുള്ള ക്ലർക്ക്/കാഷ്യർ തസ്തികകളിൽ നിയമനങ്ങൾ നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (സി) | 2017-ലെ ക്ലർക്ക്/കാഷ്യർ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം ബാങ്ക് - 2 എൻ.ജെ.ഡി. ഒഴിവുകൾ 16/03/2017-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | കേരള ബാങ്ക് രൂപീകരണത്തിനു മുന്നോടിയായി ജില്ലാ സഹകരണ ബാങ്കുകൾക്ക് ഒരു പഞ്ചായത്തിൽ കുറഞ്ഞത് ഒരു ശാഖയെങ്കിലും അനുവദിക്കുന്നതിനും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് കൂടുതൽ പേരെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ് ജില്ലാ സഹകരണ ബാങ്കുകൾക്ക് ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നത്.<br><br>കേരളാ ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള വിദഗ്ധസമിതി റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ